LIBRARY ARCHIVES Kerala Legislative Assembly

ചേലക്കര ബൈപ്പാസ് നിർമ്മാണം

269 (1303) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേലക്കര മണ്ഡലത്തിലെ ചേലക്കര ബൈപ്പാസ് നിർമ്മാണത്തിന് ഭരണാനുമതി നൽകുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ;

(ബി) നിരന്തരം ജീവഹാനി ഉൾപ്പെടെയുള്ള അപകടങ്ങൾ നടക്കുന്ന സാഹചര്യത്തിൽ ബൈപ്പാസ് നിർമ്മിക്കുന്നതിന് അടിയന്തര പ്രാധാന്യം നൽകി ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ചേലക്കര ബൈപ്പാസ് നിർമ്മാണത്തിന് 14-7-2009-ലെ സ.ഉ. (സാധാ) നമ്പർ 1045/2009/പൊ.മ.വ പ്രകാരം 400 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പുതുക്കിയ റേറ്റ് ഷെഡ്യൂൾ അനുസരിച്ച് 2,500 ലക്ഷം രൂപ പണിക്ക് ആവശ്യമായി വരുന്നതിനാൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പുതിയ ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

ആലപ്പുഴ ജില്ലയിലെ ഗ്രാമീണ റോഡുകളുടെ നവീകരണം

270 (1304) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഗ്രാമീണ റോഡുകളുടെ നവീകരണത്തിനായി എത്ര തുകയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് ;

(ബി) ആലപ്പുഴ ജില്ലയിൽ പ്രസ്തുത പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകുമോ ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം ആലപ്പുഴ ജില്ലയിൽ ഏതെല്ലാം റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) ഗ്രാമീണ റോഡുകളുടെ നവീകരണത്തിനായി 2011-12 മുതൽ ഇതുവരെ 3408.99 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) വിശദവിവരം അനുബന്ധം-I ൽ ചേർക്കുന്നു.*

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 7-1-2012-ലെ സ.ഉ.(എം.എസ്) 5/2012/പൊ.മ.വ പ്രകാരം 61 റോഡുകൾ, 269.008 കി.മീ.നീളം, മേജർ ജില്ലാ റോഡായി ഏറ്റെടുത്തിട്ടുണ്ട്. ആയതിന്റെ ലിസ്റ്റ് അനുബന്ധം-II ൽ ചേർക്കുന്നു.*

ഗ്രീൻ ബിൽഡിംഗ് പദ്ധതി

271 (1305) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗ്രീൻ ബിൽഡിംഗ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) ഇതിന്റെ നടത്തിപ്പിനായി കേന്ദ്ര പാരമ്പര്യേതര ഊർജ്ജ വകുപ്പിൽ നിന്ന് ഇതുവരെ എത്ര രൂപ ധനസഹായമായി ലഭിച്ചിട്ടുണ്ട് ; ഇതിൽ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് ; വിശദമാക്കാമോ ?

ഉത്തരം

(എ) നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ധനസഹായം ലഭിച്ചിട്ടില്ല.

കേന്ദ്ര സഹായത്തോടെ ബൈപ്പാസ് റോഡുകളുടെ നിർമ്മാണം

272 (1306) ശ്രീ. അൻവർ സാദത്ത് :
ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സഹായത്തോടെ ബൈപ്പാസ് റോഡുകൾ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly